# ദേശീയ കന്നുകാലി മിഷൻ 2021-26

## കോഴി വളർത്തൽ, ആടു വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ സംസ്കരണം -

## സംരംഭകത്വ വികസന പദ്ധതികൾ

---

**ദേശീയ കന്നുകാലി മിഷൻ 2021 - 26 പദ്ധതി പ്രകാരം മൃഗസംരക്ഷണ മേഖലയിലെ സ്വകാര്യ സംരംഭകർക്ക് കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ സംസ്കരണം (സൈലേജ് ഉൽപ്പാദനം /ഫോഡർ ബ്ലോക്ക് നിർമ്മാണം) എന്നീ മേഖലകളിൽ വിവിധ സംരംഭകത്വ വികസന പദ്ധതികൾ കെ.എൽ.ഡി.ബോർഡ് വഴി നടപ്പിലാക്കി വരുന്നു.**

**കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, അസംസ്കൃത കാലിത്തീറ്റ / തീറ്റപ്പുൽ വികസനം എന്നീ മേഖലകളിലെ സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക എന്നതാണ് NLM – EDP യുടെ പ്രധാന ഉദ്ദേശം. ഈ പദ്ധതികളിൽ ഭാഗമാകുന്ന സംരംഭകർക്ക് പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പദ്ധതി വിഹിതത്തിന്റെ (capital subsidy) 50% വരെ സബ്സിഡി ലഭിക്കുന്നതാണ്.**

## 1. പദ്ധതികളും സബ്സിഡി പരിധികളും

- **കോഴി വളർത്തൽ -**

  സംരംഭകർ/യോഗ്യരായ സ്ഥാപനങ്ങൾ (സ്വകാര്യ വ്യക്തികൾ/ സ്വയം സഹായ സംഘങ്ങൾ/ കർഷക ഉൽപ്പാദക സംഘങ്ങൾ, സെക്ഷൻ 8 കമ്പനികൾ, ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകൾ) എന്നിവർക്ക് പദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതാണ്. പദ്ധതി ഗുണഭോക്താക്കൾ താഴെപ്പറയും പ്രകാരം മുട്ട കോഴി വളർത്തി (ബ്രീഡിങ് യൂണിറ്റ് സ്ഥാപിച്ചു) അതിലൂടെ കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വിപണനം നടത്തുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതി പ്രകാരം 1000 പിടക്കോഴികളും 100 പൂവൻ കോഴികളും ഉൾപ്പെടുന്ന പേരന്റ് ഫാം സ്ഥാപിക്കണം. തുടർന്ന് ആഴ്ചയിൽ 3000 കോഴിമുട്ട ഉൽപ്പാദിപ്പിക്കുകയും അവ ഹാച്ചറി യൂണിറ്റിൽ വെച്ച് കോഴിക്കുഞ്ഞുങ്ങളെ വിരിയിച്ചെടുക്കുകയും അതിനായുള്ള സെറ്റർ യൂണിറ്റും, ഹാച്ചറി യൂണിറ്റും സ്ഥാപിക്കേണ്ടതാണ്. തുടർന്ന് ബ്രൂഡർ യൂണിറ്റിൽ ആഴ്ച്ചയിൽ 2250 കോഴിക്കുഞ്ഞുങ്ങളെ 4 ആഴ്ചയോളം വളർത്തി അവയിൽ നിന്നും 4 ആഴ്ച പ്രായം തികഞ്ഞ 2250 കോഴിക്കുഞ്ഞുങ്ങളെ ഓരോ ആഴ്ചയിലും വിൽക്കേണ്ടതാണ്. ഈ പദ്ധതി പ്രകാരം ഇതിനായി ഗ്രാമശ്രീ, ഗ്രാമലക്ഷ്മി, കൃഷിപ്രിയ എന്നീ കോഴി ഇനങ്ങളെയാണ് തിരഞ്ഞെടുക്കേണ്ടത്. പേരന്റ് സ്റ്റോക്കിന് വേണ്ടിയുള്ള കോഴികളെ (1000 + 100) സർക്കാർ ഫാമുകളിൽ നിന്നും വാങ്ങേണ്ടതാണ്.

പദ്ധതി തുകയുടെ 50% അതായത് പരമാവധി 25.00 ലക്ഷം രൂപ വരെ ആണ് സബ്സിഡി ആയി ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നത്.

- **ചെമ്മരിയാട് / ആട് വളർത്തൽ -**

സംരംഭകർ/യോഗ്യരായ സ്ഥാപനങ്ങൾ (സ്വകാര്യ വ്യക്തികൾ/ സ്വയം സഹായ സംഘങ്ങൾ/ കർഷക ഉൽപ്പാദക സംഘങ്ങൾ, സെക്ഷൻ 8 കമ്പനികൾ, ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകൾ) എന്നിവർക്ക് പദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതാണ്. പദ്ധതി ഗുണഭോക്താക്കൾ താഴെപ്പറയും പ്രകാരം ആടുകളെ വളർത്തി, ഇതിൽ നിന്നും ആട്ടിൻ കുട്ടികളെ ഉൽപ്പാദിപ്പിച്ച് (ബ്രീഡിങ് യൂണിറ്റ് സ്ഥാപിച്ചു) വിപണനം നടത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. മലബാറി, അട്ടപ്പാടി ബ്ലാക്ക് എന്നീ നാടൻ ഇനങ്ങളാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കേണ്ടത്. കുറഞ്ഞത് 100 പെണ്ണാടുകളും 5 ആണാടുകളും അടങ്ങുന്ന ബ്രീഡിംഗ് യൂണിറ്റ് മുതൽ പരമാവധി 500 പെണ്ണാടുകളും 25 ആണാടുകളും അടങ്ങുന്ന യൂണിറ്റ് വരെ അപേക്ഷിക്കാം. 100 + 5 എന്ന ക്രമത്തിൽ ഒന്നിലധികം യൂണിറ്റുകളായി അപേക്ഷിക്കുവാനും കഴിയും. പദ്ധതി തുകയുടെ 50% ആണ് സബ്സിഡി ആയി ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നത്.

**ആട് വളർത്തൽ പദ്ധതി പ്രകാരമുള്ള സബ്സിഡി പരിധി താഴെ പറയും വിധം ആണ്.**

| **ആട് വളർത്തൽ** | **സബ്സിഡി ( Maximum)** |
|---|---|
| 100 പെണ്ണാട് – 5 മുട്ടനാട് | - 10 ലക്ഷം രൂപ |
| 200 പെണ്ണാട് – 10 മുട്ടനാട് | - 20 ലക്ഷം രൂപ |
| 300 പെണ്ണാട് – 15 മുട്ടനാട് | - 30 ലക്ഷം രൂപ |
| 400 പെണ്ണാട് – 20 മുട്ടനാട് | - 40 ലക്ഷം രൂപ |
| 500 പെണ്ണാട് – 25 മുട്ടനാട് | - 50 ലക്ഷം രൂപ |

- **പന്നി വളർത്തൽ –**

സംരംഭകർ/യോഗ്യരായ സ്ഥാപനങ്ങൾ (സ്വകാര്യ വ്യക്തികൾ/ സ്വയം സഹായ സംഘങ്ങൾ / കർഷക ഉൽപ്പാദക സംഘങ്ങൾ, സെക്ഷൻ 8 കമ്പനികൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ) എന്നിവർക്ക് പദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതാണ്. പദ്ധതി ഗുണഭോക്താക്കൾ താഴെപ്പറയും പ്രകാരം പന്നിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ചു വളർത്തി (ബ്രീഡിങ് യൂണിറ്റ് സ്ഥാപിച്ചു) വിപണനം നടത്തുക എന്നതാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമാക്കുന്നത്. ഡ്യുറോക്ക്, ലാർജ് വൈറ്റ് യോക്ക് ഷെയർ, ലാൻഡ്റേസ് എന്നീ ജനുസ്സുകളെയാണ് ഈ പദ്ധതിക്കായി തിരഞ്ഞെടുക്കേണ്ടത്. കുറഞ്ഞത്

50 പെൺ പന്നികളും 5 ആൺ പന്നികളും അടങ്ങുന്ന ബ്രീഡിംഗ് യൂണിറ്റ് ആയോ 100 പെൺ പന്നികളും 10 ആൺ പന്നികളും അടങ്ങുന്ന യൂണിറ്റ് ആയോ അപേക്ഷിക്കാവുന്നതാണ്.

**പന്നി വളർത്തൽ  പദ്ധതി പ്രകാരമുള്ള സബ്സിഡി പരിധി താഴെ പറയും വിധം ആണ്.**

| പന്നി വളർത്തൽ  യൂണിറ്റ് | സബ്സിഡി ( Maximum) |
|---|---|
| **50 പെൺ പന്നി 5 ആൺ പന്നി** | **15 ലക്ഷം രൂപ** |
| **100 പെൺ പന്നി 10 ആൺ പന്നി** | **30 ലക്ഷം രൂപ** |

- **തീറ്റപ്പുൽ സംസ്കരണം -**

സംരംഭകർ/യോഗ്യരായ സ്ഥാപനങ്ങൾ (സ്വകാര്യ വ്യക്തികൾ/ സ്വയംസഹായ സംഘങ്ങൾ / കർഷക ഉൽപ്പാദക സംഘങ്ങൾ, സെക്ഷൻ 8 കമ്പനികൾ, ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകൾ) എന്നിവർക്ക് പദ്ധതിയിൽ അംഗങ്ങൾ ആകാവുന്നതാണ്. പദ്ധതി ഗുണഭോക്താക്കൾ സൈലേജ് നിർമ്മാണ യൂണിറ്റോ കാലിത്തീറ്റ ബ്ലോക്ക് നിർമ്മാണ യൂണിറ്റോ സ്ഥാപിച്ച് ഇവിടെ നിന്നും സൈലേജോ ഫോഡർ ബ്ലോക്കോ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പരമാവധി 50.00 ലക്ഷം രൂപ വരെ സബ്സിഡി ആയി ഈ പദ്ധതി പ്രകാരം ലഭ്യമാക്കുന്നത്.

(പദ്ധതികളുടെ കൂടുതൽ വിശദാംശങ്ങൾക്ക് ചുവടെ നൽകിയിരിക്കുന്ന ലിങ്കിൽ സെലക്ട് ചെയ്യുക)

**MODEL PROJECTS WITH INDICATIVE COSTS & PROJECT COMPONENTS.**

## 2. പദ്ധതി ഗുണഭോക്താക്കൾ

സ്വകാര്യ വ്യക്തികൾ/ സ്വയംസഹായ സംഘങ്ങൾ / കർഷക ഉൽപ്പാദക സംഘങ്ങൾ, സെക്ഷൻ 8 കമ്പനികൾ, ജോയിന്റ് ലയബലിറ്റി ഗ്രൂപ്പുകൾ എന്നിവർക്ക്  സബ്സിഡി ലഭിക്കുന്നതാണ്.

## 3. യോഗ്യതാ മാനദണ്ഡങ്ങളും അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകളും

**അപേക്ഷകർക്ക്  ചുവടെ ചേർത്തിരിക്കുന്ന എല്ലാ യോഗ്യതാ മാനദണ്ഡങ്ങളും ഉണ്ടായിരിക്കേണ്ടതാണ്.**

A. സംരംഭകർ/അപേക്ഷകർക്ക് കോഴി, ആട്, പന്നി, തീറ്റപ്പുൽ കൃഷി എന്നിവ വളർത്തിയ മുൻ പരിചയം ഉണ്ടായിരിക്കണം/പരിശീലനം ലഭിച്ചവർ ആയിരിക്കണം.

B. പദ്ധതി നടത്തിപ്പിന് ഉചിതമായ സ്ഥലം (സ്വന്തമായോ, ലീസ് വ്യവസ്ഥയിലോ) അപേക്ഷകൻ/സംരംഭകൻ ക്രമീകരിക്കേണ്ടതാണ്. പദ്ധതി അംഗീകാരം ലഭിച്ച ശേഷം, പ്രസ്തുത സ്ഥലത്തിന്റെ ഉടമസ്ഥാവകാശം/ പാട്ടക്കരാർ/ വാടക കരാർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

C. ഒന്നിലധികം വ്യക്തികൾ ഉൾപ്പെട്ടിട്ടുള്ള  വിൽപത്രമോ/  ടൈറ്റിൽ ഡീഡ് / എഗ്രിമെന്റ് ആണെങ്കിൽ അപേക്ഷകന് മറ്റുള്ളവരിൽ നിന്നും സമ്മതപത്രം വാങ്ങേണ്ടതാണ്.

D. ബാങ്കുകൾ മുഖേന സംരംഭകർ ലോണുകൾ തരപ്പെടുത്തേണ്ടതാണ്. പദ്ധതി മാനദണ്ഡ പ്രകാരം 50% സബ്സിഡി ഗുണഭോക്താക്കൾക്ക് ലോൺ എടുക്കുന്ന ബാങ്ക് വഴി നൽകുന്നതാണ്.

E. അപേക്ഷകൻ കുറഞ്ഞത് പദ്ധതി തുകയുടെ 10% വഹിക്കേണ്ടതാണ്.

F. ബാങ്കുകൾക്ക് ആവശ്യമായ രേഖകൾ (KYC, ITR, Permit etc.) സംരംഭകർ തന്നെ ശരിയാക്കേണ്ടതാണ്.

G. പദ്ധതിയ്ക്കുള്ള ഫണ്ട് ലോണായി ഏത് ബാങ്ക് വഴിയാണ് സ്വരൂപിക്കുന്നതെന്ന് തീരുമാനിച്ച ശേഷം IFSC കൃത്യമാണെന്ന് ഉറപ്പുവരുത്തി അപേക്ഷ സമർപ്പിക്കുവാൻ  ശ്രദ്ധിക്കുക.

H. NLM - EDP യോഗ്യതാ മാനദണ്ഡങ്ങൾ പ്രകാരം അപേക്ഷകന് ഒരേ സമയം ഒന്നിലധികം പദ്ധതികളിൽ അപേക്ഷിക്കുവാൻ കഴിയും.

I. മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകൾ  അപാകതകൾ പരിഹരിച്ചു പുനസമർപ്പണം ചെയ്യുന്നതിലേയ്ക്കായി അപേക്ഷകന് തന്നെ തിരികെ നൽകുകയോ,  നിരസിക്കപ്പെടുകയോ ചെയ്യുന്നതാണ്.

J. **സംരംഭകർ/അപേക്ഷകർ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതിരേഖക്കൊപ്പം** (DPR) ചുവടെ നൽകിയിരിക്കുന്ന  അനുബന്ധ രേഖകൾ സഹിതം **nlm.udyamimitra.in** എന്ന  വെബ്സൈറ്റിൽ അപേക്ഷ  സമർപ്പിക്കേണ്ടതാണ്.

- പാൻ  നമ്പർ, ആധാർ നമ്പർ, ഭൂരേഖയോടൊപ്പം (ഉടമസ്ഥാവകാശം/ പാട്ടക്കരാർ/ വാടക കരാർ മുതലായവ)  ഏറ്റവും പുതിയ കരം തീർത്ത രസീത്, അഡ്രസ് പ്രൂഫ്, അപേക്ഷകന്റെ ഫോട്ടോഗ്രാഫ്, ജിഐഎസ് ലൊക്കേഷനോടുകൂടിയ പ്രോജക്ട് സൈറ്റിന്റെ ഫോട്ടോ, കഴിഞ്ഞ ആറ്

മാസത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ്, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ, ഒരു പരിശീലന സർട്ടിഫിക്കറ്റ് / പ്രവർത്തി പരിചയ സർട്ടിഫിക്കറ്റ്, റദ്ദാക്കിയ ചെക്കിനൊപ്പം ബാങ്ക് മാൻഡേറ്റ് ഫോം എന്നിവ വ്യക്തിഗത അപേക്ഷകർ അപ്ലോഡ് ചെയ്യേണ്ടതാണ്.

- **വ്യക്തികൾ ഒഴികെയുള്ള അപേക്ഷകർ** പാർട്ണർഷിപ്പ് ഡീഡ്, ഇൻകോർപ്പറേഷൻ സർട്ടിഫിക്കറ്റ് (കമ്പനിയുടെ കാര്യത്തിൽ), ജിഎസ്ടി രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, പേര്, ആധാർ നമ്പർ, മൊബൈൽ നമ്പർ, വിലാസം എന്നിവ അടങ്ങുന്ന അപേക്ഷകനുമായി ലിങ്ക് ചെയ്ത/അറ്റാച്ച് ചെയ്തിട്ടുള്ള കർഷകരുടെ ലിസ്റ്റ്, കഴിഞ്ഞ മൂന്ന് വർഷത്തെ ഓഡിറ്റ് ചെയ്ത വാർഷിക സാമ്പത്തിക പ്രസ്താവനകൾ ബാധകമാണെങ്കിൽ, കഴിഞ്ഞ മൂന്ന് വർഷത്തെ ആദായ നികുതി റിട്ടേണുകൾ എന്നീ രേഖകൾ അപ്ലോഡ് ചെയ്യേണ്ടതാണ്.

- **ബാങ്ക് മാൻഡേറ്റ് ഫോമിന്റെ മാതൃക ചുവടെ നൽകിയിരിക്കുന്നു.**

**BANK MANDATE FORM**

- **DPR മാതൃകയുടെ WORD ഫയൽ ഫോർമാറ്റ് ചുവടെ നൽകിയിരിക്കുന്നു.**

**GOAT PIG POULTRY FODDER**

❖ NLM - EDP ഗ്രീൻ ഫീൽഡ് പ്രോജക്ടുകളെ മാത്രമേ പിന്തുണക്കുകയുള്ളൂ. നിലവിലുള്ള പദ്ധതികളുടെ (ഫാമുകളുടെ) ഏതെങ്കിലും തരത്തിലുള്ള വിപുലീകരണത്തിനോ, പരിഷ്ക്കരണത്തിനോ, ശക്തിപ്പെടുത്തലിനോ ഈ പദ്ധതി പ്രകാരം സാധിക്കില്ല.

❖ NLM-EDP സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജറിന്റെ മാർഗ്ഗനിർദ്ദേശവും കാലാകാലങ്ങളിൽ വരുത്തിയ പരിഷ്ക്കരണവും/ ഭേദഗതിയും അനുസരിച്ചാണ് പദ്ധതിയുടെ നടത്തിപ്പ്.

(പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കായി ചുവടെ നൽകിയിരിക്കുന്ന ലിങ്കിൽ സെലക്ട് ചെയ്യുക)


**Guideline of Standard Operating Procedure of National Livestock Mission Entrepreneurship Development Program (NLM- EDP)**

## 4. അപേക്ഷിക്കേണ്ടവിധം

- താഴെയുള്ള ലിങ്ക് ഉപയോഗിച്ച് നാഷണൽ ലൈവ്സ്റ്റോക്ക് മിഷന്റെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കുക

**CLICK HERE TO APPLY**


**nlm.udyamimitra.in**





- **Apply Here** -എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക




❖ തുടർന്ന് വരുന്ന വിൻഡോയിൽ നിന്നും **Login as Entrepreneur** എന്ന ലിങ്കിൽ സെലക്ട് ചെയ്യുക





❖ മൊബൈൽ നമ്പർ രേഖപെടുത്തിയ ശേഷം തുടർന്ന് വരുന്ന പോപ്പ് വിൻഡോയിൽ നിന്നും **"I'm not a robot"** എന്ന ടിക്ക് ചെയ്തു **submit** ചെയ്യുക.




- രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിൽ വരുന്ന OTP നല്കികൊണ്ടു അപ്ലിക്കേഷൻ പേജിലേയ്ക്ക് കടക്കാവുന്നതാണ്.
- APPLICATION details, personal details, Project details, Bank details എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുകയും തുടർന്ന് വരുന്ന UPLOAD DOCUMENTS എന്ന വിൻഡോയിൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ അപ്‌ലോഡ് ചെയ്യുക.





- ഡിക്ലറേഷൻ ബോക്സ് സെലക്ട് ചെയ്ത ശേഷം അപ്ലിക്കേഷൻ സുബ്മിറ്റ് ചെയ്യാവുന്നതാണ്.



❖ അപ്ലിക്കേഷന്റെ തൽസ്ഥിതി അറിയുന്നതിലേയ്ക്കായി www.nlm.udyamimitra.in എന്ന പോർട്ടലിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പറിൽ വരുന്ന OTP നൽകിക്കൊണ്ട് ആപ്ലിക്കേഷൻ പേജിലേയ്ക്ക് കടക്കുന്നതിലൂടെ ആവശ്യമായ തിരുത്തലുകൾ/ഭേദഗതികൾ എന്തൊക്കെയാണെന്ന് നൽകിയിരിക്കുന്ന റിമാർക്ക്സിലൂടെ അറിയാൻ സാധിക്കും. കൂടാതെ ഒന്നിലധികം കാരണങ്ങളാൽ തിരികെ നൽകുകയാണെങ്കിൽ അപ്‌ലോഡ് ചെയ്തിരിക്കുന്ന റിമാർക്സ് PDF ഫോർമാറ്റിൽ ഡൗൺലോഡ് ചെയ്യുന്നതിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നതാണ്.




**കൂടുതൽ വിവരങ്ങൾക്ക്***

**Kerala Livestock Development Board**
(A Government of Kerala Undertaking)
"Gokulam", Pattom, Thiruvananthapuram – 695004
Tel: 0471- 2440920, 2449138; Fax: 0471-2440673
Email: kldboard8@gmail.com
Website:www.livestock.kerala.gov.in